# 1

# ക്രിസ്തു നിമിത്തം നിത്യജീവനുള്ള ഒരു പ്രത്യാശ ജനിപ്പിക്കുന്നു

## (തിത്തൊസ് 1)

*"ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു, ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിനും, ഞാൻ നിന്നോടു കല്പിച്ച തുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിനും തന്നേ. ..." (തിത്തൊസ് 1:5).*

കാലാരംഭത്തിനു മുൻപു തന്നെ, ഭോഷ്ക്കു പറയാൻ കഴിയാത്ത ദൈവം, നിത്യജീവൻ വാഗ്ദാനം ചെയ്തിരുന്നു. അസത്യവാദികളും പെരുവയറന്മാരും താല്ക്കാലികമായി ചിന്തിച്ചു ജീവിക്കുന്നവരുമായ ക്രേത്തർക്കു എത്ര പ്രാധാന്യമേറിയ വാഗ്ദാനമാണ് നല്കിയിരിക്കുന്നത് (1:12)! തിത്തൊസിനു എഴുതിയ ലേഖനത്തിന്റെ ആരംഭത്തിലും അവസാനത്തിലും, ക്രേത്തയിൽ ക്രിസ്ത്യാനികളായവർ താല്ക്കാലികമായ വക്കപ്പുറമുള്ള നിത്യജീവന്റെ പ്രത്യാശ ഉള്ളവക്കായി പ്രവർത്തിക്കണമെന്നു പൗലൊസ് തന്റെ ആഗ്രഹം പ്രകടിപ്പിച്ചു (1:2; 3:7).

ക്രിസ്തുവിന്റെ നാമം നിമിത്തം എങ്ങനെ ക്രേത്തയിലുള്ള ആളുകളെ വീണ്ടെടുപ്പിൽ പക്വത കൈവരിക്കുവാൻ നയിക്കണം എന്നതിൽ പൗലൊസ് തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ലേഖനത്തിൽ ആഹ്വാനം ചെയ്യുന്നു (1:1–4). താൻ മൂപ്പന്മാരുടേയും അവരുടെ യോഗ്യതകളുടേയും ആവശ്യകതകൾ വിശദമാക്കുമ്പോൾ സഭയെ സഹായിക്കുവാനും സഭയെ തുടർച്ചയായി സഹായിക്കുന്നതിന്റെ ആവശ്യത്തേയും പറയുന്നുണ്ട് (1:5–16). ശരിയായ വഴി കാണിച്ചു കൊടുത്താൽ, ക്രേത്തരെ അവരുടെ ലഹളയുള്ള ജീവിതങ്ങളിൽ നിന്നും വീണ്ടെടുക്കാൻ സാധിക്കുമെന്നും, വിശ്വസ്തതയുള്ള, ദൈവഭക്തിയുള്ള ജീവിതം അവർക്കു

നയിക്കാൻ സാധിക്കുമെന്നും പൗലൊസിനു അറിയാമായിരുന്നു.

**പാഠം 1: ക്രിസ്തുവിൻ നിദാനവും വീണ്ടെടുപ്പും (1:1-4)**

പൗലൊസ് തന്റെ വിശ്വാസത്തിൽ "നിജപുത്രനായ" വനു എഴുതുമ്പോൾ ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ ശക്തിയും ഉടനെയുള്ള സാധ്യതയും അവതരിപ്പിച്ചു.

### വീണ്ടെടുപ്പിന്റെ വഴി (വാ. 1)

ഭൗതികവാദത്തിൽ നിന്നു ദൈവിക ചിന്തയിലേക്കു തിരിയുന്ന വഴിയാണ് വാക്യം 1-ൽ വിവരിച്ചിരിക്കുന്നത്: "ദൈവഭക്തിക്കനുസാരമായ സത്യത്തിന്റെ പരിജ്ഞാനത്തിൽ" വളരുവാൻ.

പൗലൊസ് തന്നെ "അപ്പൊസ്തലൻ"[1] ആയി തിരിച്ചറിയുന്നതിനു മുൻപു "ദൈവത്തിന്റെ - ദാസനായി" ട്ടായിരുന്നു പരിചയപ്പെടുത്തിയത്. ഒരാൾക്കു ദൈവത്തിന്റെ നല്ല ദാസനായി തീരുവാൻ മനസ്സില്ലെങ്കിൽ, അവനു യേശുവിന്റെ നല്ല സന്ദേശവാഹകനായി തീരുവാൻ സാധ്യമല്ല.

അടുത്തത്, പൗലൊസ് സംസാരിച്ചത് ദൈവത്തിന്റെ തിരഞ്ഞെടുത്ത, അതായത് "ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട" വരുടെ വിശ്വാസത്തെ കുറിച്ചായിരുന്നു. ദൈവം രക്ഷിക്കുവാനായി (തിരഞ്ഞെടുത്ത) ചില ആളുകളെ മുൻനിർണ്ണയിച്ചിരിക്കയും അതേ സമയം മറ്റുള്ളവരെ കരുണാരഹിതമായി നശിപ്പിക്കുവാനും നിർണ്ണയിച്ചു എന്ന കാൽവിന്റെ ഉപദേശം അല്ല ഇത്. ദൈവത്തിനു ഒരു വീണ്ടെടുപ്പിൻ പദ്ധതിയുണ്ടായിരുന്നു, ആ വീണ്ടെടുപ്പിൻ പദ്ധതി ആരെല്ലാം സ്വീകരിക്കുമെന്നും അവന് മുൻകൂട്ടി അറിയാം. അവനെ ബഹുമാനിക്കയും അവന്റെ നീതിപ്രവൃത്തിക്കയും ചെയ്യുമെന്നു ബോധ്യപ്പെട്ടവർ "തിരഞ്ഞെടുക്കപ്പെട്ടു," അല്ലെങ്കിൽ അവന്റെ മുൻനിർണ്ണയ രക്ഷ സ്വീകരിക്കുന്നവർ ആയി.

ഒരാൾ ദൈവഭക്തിയുള്ളവൻ ആകാൻ വേണ്ടത് വചന "പരിജ്ഞാനവും" "വിശ്വാസവു" മാണ്. "യേശുവിൽ വിശ്വസിക്കുവാൻ" ശ്രമിക്കുകയും ദൈവവചനം അറിയാതിരിക്കുകയും ചെയ്യുന്നവർ അടിസ്ഥാനമില്ലാതെ വീടു പണിയുവാൻ ശ്രമിക്കുന്നവരാണ്. നേരെമറിച്ചു, വചനം അറിഞ്ഞിട്ടു വിശ്വാസം ക്രിസ്തുവിന്റെ പദ്ധതിക്കായി വളർത്തിയെടുക്കുകയോ അതു പ്രായോഗികമാക്കുകയോ ചെയ്യുന്നില്ലെങ്കിൽ അവർ കലക്കത്തിലും പോരാട്ടത്തിലും ആയിരിക്കും.

ശിഷ്യന്മാരെ "ദൈവഭക്തിയിൽ"[2] എത്തിക്കുക എന്നതാണ് വീണ്ടെടുപ്പിന്റെ ലക്ഷ്യം. നിരുത്തരവാദികളും മടിയന്മാരുമായ ക്രേത്തരിൽ നിന്നു വ്യത്യസ്തമായി, ആളുകളെ ദൈവത്തോടുകൂടെ കാലൂന്നി നില്ക്കുവാൻ സഹായിക്കുക എന്നതായിരുന്നു പൗലൊസിന്റെ ലക്ഷ്യം. ഹ്രസ്വദൃഷ്ടിയുള്ള ജീവിത ശൈലിക്കു പകരം പൗലൊസ് വെച്ചത് സത്യം, വിശ്വാസം, പ്രത്യാശ എന്നിവയായിരുന്നു (1:11-13).

### വീണ്ടെടുപ്പിന്റെ ഫലം (വാ. 2)

"നിത്യജീവന്റെ പ്രത്യാശ"[3] നൽകി കൊണ്ട്, ദൈവഭക്തി എപ്പോഴും

നമ്മുടെ കാഴ്ച്ച സ്വർഗ്ഗത്തിലേക്ക് ഉയർത്തും (1:2). ക്രിസ്തുവിനോടു കൂടെ ഉയിർപ്പിച്ചു (റോമർ 6:3, 4; കൊലൊസ്യർ 3:1, 2) ഭൗമിക ചിന്ത യിൽ നിന്നു ഒരാളെ ഉയരത്തിലുള്ളതു ചിന്തിപ്പിക്കുവാൻ സഹായിക്കുന്നു. ഭൗതികവാദത്തിനു എന്തൊരു മറുമരുന്നാണ്!

### വീണ്ടെടുപ്പിന്റെ വിശ്വാസ്യത (വാ. 2)

പൗലൊസ് പറഞ്ഞതു ഉറച്ച പ്രതലത്തിൽ നിലനില്ക്കുന്നു, കാരണം അതു, "ഭോഷ്ക്ക് പറയുവാൻ കഴിയാത്ത" യഹോവയിൽ നിന്നുള്ളതാണ് (1:2). എബ്രായർ 6:18 പറയുന്നു, "... മാറിപോകാത്തതും, ദൈവത്തിനു ഭോഷ്ക്ക് പറയുവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ, ശക്തിയുള്ള പ്രബോധനത്താൽ, ഉള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണം വെച്ചിരിക്കുന്നു." ഇതു "അസത്യവാദികൾ" ആയിരുന്ന ക്രേത്ത രുടെ ചിന്താഗതിക്കു, നേരെ എതിരായിരുന്നു (1:12). വീണ്ടെടുപ്പ് ദൈവ ത്തിന്റെ പദ്ധതിയും വാഗ്ദാനവും ആയിരുന്നു കാരണം അതു "ലോക ത്തിനു അടിസ്ഥാനം ഇടുന്നതിനു മുൻപുള്ളതായിരുന്നു" (എഫെസ്യർ 1:4-6) ദൈവജനത്തിനു പങ്കിടുവാനും ഉള്ളതായിരുന്നു (നോക്കുക യോഹന്നാൻ 17:6, 9, 24).

### വീണ്ടെടുപ്പു വെളിപ്പെടുത്തി (വാ. 3)

തന്റെ പുത്രന്റെ "പ്രഖ്യാപനത്തിൽ" കൂടെ ദൈവം - തിരഞ്ഞെടുത്ത സമയത്ത്, ദൈവ പദ്ധതി വെളിപ്പെടുത്തി (1:3; ഗലാത്യർ 4:4, 5; യോഹ ന്നാൻ 6:44-68; 17:6-21; എഫെസ്യർ 3:3-5; എബ്രായർ 1:1-5). അതു വെളി പ്പെടുത്തുക മാത്രമല്ല, ക്രിസ്തുവിൽ "പ്രദർശിപ്പിക്ക"[4] കൂടി ചെയ്തു. തിരുവെഴുത്തിലെ പുതിയ നിയമത്തിൽ, ഇപ്പോൾ നമുക്കു വായിക്കു വാൻ കഴിയുന്ന മഹത്തായ സുവിശേഷം മുൻപു ദൂതൻ മാർക്കുപോലും കാണുവാൻ കഴിഞ്ഞിരുന്നില്ല (1 പത്രൊസ് 1:10-12; 1 തിമൊഥെയൊസ് 1:11; ന്യൂ കിങ്ങ് ജെയിംസ് വേർഷൻ). ഉന്നതനും പരിശുദ്ധനുമായി വസി ക്കുന്ന നിത്യനായ ദൈവം "താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപ മുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ" എത്തി (യെശ യ്യാവു 57:15).

ആ വീണ്ടെടുപ്പു പൗലൊസ് മുഖാന്തരം അറിയിച്ചു. അങ്ങനെ നമുക്കു ദൈവത്തിന്റെ "കല്പന"[5] ലഭിച്ചു. പൗലൊസ് ഉപയോഗിച്ച വാക്ക് സൂചിപ്പിക്കുന്നത് ഇതു ഒരു ചുമതലയായി അവൻ അറിഞ്ഞിരുന്നു എന്നാ ണ്. ദൈവത്തിന്റെ സന്ദേശം തങ്ങളിൽ ഭരമേല്പിക്കപ്പെട്ട കല്പന വിശ ്വസ്തതയോടെ കൈകാര്യം ചെയ്യണമെന്ന ഉത്തരവാദിത്വബോധമില്ലാതെ അത് അറിയിക്കുന്നവർക്കു അയ്യോ കഷ്ടം (2 തിമൊഥെയൊസ് 2:15; 1 പത്രൊസ് 4:11).

ദൈവം കല്പനകൾ തന്നിട്ടുള്ളത് "ഒരു നിലവാരവുമില്ല" എന്ന സിദ്ധാന്തത്തെ തുടച്ചു നീക്കുന്നു! ഒരു വടക്കുനോക്കി യന്ത്രം ഇല്ലാതെ ജീവിതക്കടലിൽ നമ്മെ ആക്കിയിരിക്കുകയല്ല. ശരി എന്താണെന്നും തെറ്റ് എന്താണെന്നും നമുക്ക് അറിയുവാൻ കഴിയുന്നു. ദൈവനീതി വെളി

പ്പെടുത്തിയിട്ടുണ്ട്, അതുപോലെ അനീതിക്കുള്ള ദൈവകോപവും. *നാം ഒരു ഒഴികഴിവുമില്ലാതെ ആണിരിക്കുന്നത്* (റോമർ 1:16-20). ആ കല്പന കളിൽ മിക്കതും നല്കുവാൻ ദൈവം പൗലൊസിനെ തിരഞ്ഞെടുത്തു പയോഗിക്കയും, നമുക്കു അവ മനസ്സിലാക്കുവാനും കഴിയുന്നു (എഫെസ്യർ 3:3-5).

### വീണ്ടെടുപ്പിന്റെ ഗുണഭോക്താവ് (വാ. 4)

തിത്തൊസിനോടു പൗലൊസ് മൂന്നു വിധത്തിലായിരുന്നു കല്പി ച്ചത്: (1) സകല ജനത്തോടും നിത്യജീവന്റെ പ്രത്യാശ പങ്കിടുന്ന മഹ ത്തായ പ്രവൃത്തി തുടരുന്നതിൽ, പങ്കുചേരുവാനുള്ള നേട്ടം അവനു ലഭിച്ചിരുന്നു. (2) തിത്തൊസിനെ പൗലൊസ് വിവരിച്ചതു "നിജപുത്രൻ"[6] എന്നായിരുന്നു (1:4). തിത്തൊസ് തന്റെ അനുസരണത്തെ ഒരിക്കലും വ്യാജമാക്കിയിരുന്നില്ല; അവൻ വാസ്തവത്തിൽ ദൈവ പൈതലായി രുന്നു (യോഹന്നാൻ 3:3-5; 1 കൊരിന്ത്യർ 12:13; ഗലാത്യർ 3:26, 27; മർക്കൊസ് 16:15, 16). (3) തിത്തൊസ് ഒരു "പൊതു വിശ്വാസത്തിൽ" ആയിരുന്നു (അതിന്റെ അർത്ഥം "പൊതുവിശ്വാസ പ്രകാരം" എന്നത്രേ). പൗലൊസും തിത്തൊസും ദൈവത്തിന്റെ കൂട്ടുവേലക്കാരായിരുന്നു (1 കൊരിന്ത്യർ 3:9). അവരും സേവിച്ചത് ആ വിശ്വാസത്തിലുള്ള താല്പ ര്യമനുസരിച്ചാണ്. ഈ വീണ്ടെടുപ്പു, ലഭിച്ചപ്പോൾ, *അതു പങ്കിടണം*!

### വീണ്ടെടുപ്പിന്റെ പ്രതിഫലങ്ങൾ (വാ. 4)

ദൈവം "പിതാവു" ആയിട്ടും യേശു "രക്ഷകൻ" ആയിട്ടും ഉള്ളതു കൊണ്ടു നമുക്കു നമ്മളാൽ നേടിയെടുക്കുവാൻ കഴിയാത്ത പാപമോച നവും ദൈവികമായ അവകാശവും എന്ന ഇരട്ട ഉപകാരങ്ങൾ പ്രഖ്യാ പിക്കപ്പെടുന്നു. വീണ്ടെടുപ്പോടുകൂടെ വലിയ പ്രതിഫലം കിട്ടുന്നു. ഒന്ന് "കൃപ"[7] യാണ്. കൃപ ദൈവത്തിന്റെ "സമാധാനത്തിനു"[8] ഉള്ള ചവിട്ടു പടിയാണ് (1:4).

തിത്തൊസിനുള്ള മുഖവുരയിൽ പൗലൊസ് നല്കിയ, വീണ്ടെടു പ്പിന്റെ അനുഗ്രഹങ്ങൾ, തിരുവെഴുത്തിലെ ദൈവശ്വാസിയത പ്രതിധ്വനി ക്കുന്നു.

## പാഠം 2: ക്രിസ്തുവിന്റെ നിദാനവും മൂപ്പന്മാരും (1:5-16)

ക്രേത്ത ദ്വീപിലെ ഓരോ ഇടവകകളിലും യോഗ്യതയുള്ള മൂപ്പന്മാർ ഉണ്ടാകണമെന്ന് പൗലൊസ് ആഗ്രഹിച്ചു. സഭ ആ രീതിയിൽ വളരുവാ നാണ് ദൈവം ആഗ്രഹിക്കുന്നത്. പിശാചു ക്രിസ്തുവിന്റെ നാമത്തെ തരം താഴ്ത്തുന്നതുകൊണ്ട്, സഭയ്ക്കു ഉറപ്പും ശക്തിയും ഉള്ള പുരുഷ ന്മാരുണ്ടാകണം (1 കൊരിന്ത്യർ 16:13; എഫെസ്യർ 4:11-16; 6:10-18). ആ വസ്തുതയെ വീണ്ടും ഉറപ്പിക്കുകയാണ് വാക്യങ്ങൾ 10 ഉം 11 ഉം.

### മൂപ്പന്മാരെ സംബന്ധിക്കുന്ന ചുമതല (വാ. 5)

ഒരു സുവിശേഷകന്റെ ജോലി സുവിശേഷം പ്രസംഗിക്കുന്നതിലോ,

ക്രിസ്തുവിൽ സ്നാനമേല്ക്കുന്ന വിശ്വാസികളെ വർദ്ധിപ്പിക്കുന്നതിലോ, അല്ലെങ്കിൽ ഇടവകകൾ സ്ഥാപിക്കുന്നതിലോ പൂർത്തിയാകുന്നില്ല. ഇവയുടെ എല്ലാം ഫലമായി അംഗങ്ങൾ ശക്തരാകുകയും പക്വതയാർജ്ജിച്ചു യോഗ്യതയുള്ള മൂപ്പന്മാരെ ഓരോ ഇടവകയിലും നിയമിക്കുമ്പോഴാണ് ചുമതല *പൂർത്തീകരിക്കപ്പെടുന്നത്* (1:5). ദൈവത്തിന്റെ ഉദ്ദേശങ്ങൾക്കായി ദൈവം – നല്കിയ ഏർപ്പാട് അനുസരിച്ചു കുട്ടികളുടെ സംരക്ഷണം മാതാപിതാക്കളിൽ വെച്ചിരിക്കുന്നതു പോലെ, *ക്രിസ്തുവിൽ ശിശുക്കളായവർക്ക് സംരക്ഷണവും, ബുദ്ധിയും, ദൈവികസ്വഭാവം കൈക്കൊള്ളുവാൻ തയ്യാറെടുക്കുമ്പോൾ നന്നായി – യോജിച്ചു പ്രവർത്തിക്കുന്ന വളർച്ചയുള്ള ചുറ്റുപാടും ഉറപ്പുവരുത്തേണ്ട പക്വതയുള്ള അദ്ധ്യക്ഷന്മാരാണ് ദൈവ ഭവനത്തിൽ യോഗ്യതയുള്ള മൂപ്പന്മാർ* (പ്രവൃത്തികൾ 20:28; 1 പത്രൊസ് 5:1–8; 1 തെസലൊനിക്യർ 5:11–18; എബ്രായർ 13:7, 15–17).[9]

പൗലൊസ്, തന്റെ ചുമതലയുടെ പ്രാധാന്യം മനസ്സിലാക്കി, അത് ഒരു മുൻഗണനയായി അവതരിപ്പിച്ചു. "ഇക്കാരണത്താൽ ആണ്"[10] പൗലൊസ് തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോയത്. ഈ വാക്കിന്റെ അടിസ്ഥാന ആശയം ആനുകൂല്യം കാണിക്കുക അല്ലെങ്കിൽ സുഖം നല്കുക എന്നാണ്. ഇവിടെ നല്കിയ ചുമതല കഴിവുള്ള ഒരു സുവിശേഷകനാൽ ബൈബിൾ അനുസരിച്ചു രൂപവും ഭാവവും വരുത്തി ഒരു ഇടവകക്കു ഫലം പുറപ്പെടുവിക്കുവാൻ കഴിയും.

"ശേഷിച്ച കാര്യങ്ങൾ[11] ക്രമപ്പെടുത്തുവാനാണ്"[12] പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞത്. ഇവിടെയും അവിടെയും ശരിയാക്കി ഒരു വാഹനത്തിനു ഫൈൻ – ടൂണിങ്ങ് നടത്തുന്നതിനെ കുറിച്ചു ചിന്തിക്കുക, അല്ലെങ്കിൽ ഒരു സ്ഥലത്ത് ഇവിടെയും അവിടെയും സൗന്ദര്യം വരുത്തുവാനുള്ള ഏർപ്പാട് ചെയ്യുന്നതിനെ കുറിച്ചു ചിന്തിക്കുക. കുറവുകളുള്ള ഇടവകക്ക് സൗന്ദര്യവും പ്രാപ്തിയും വർദ്ധിപ്പിക്കേണ്ടതിനു ഈ ആശയം പ്രായോഗികമാക്കണം. ഇവിടെയും അവിടെയും ഈ കാര്യങ്ങൾ ക്രമീകരിക്കുന്നതു ഒരു സുവിശേഷകന്റെ ജോലിയുടെ പ്രധാനപ്പെട്ട ഭാഗമാണ്.

ഓരോ ഇടവകയും വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടത് പ്രധാനപ്പെട്ട ആവശ്യമാണ്. ഒരു ഇടവക അവരുടെ സഭാ വളർച്ചയെ കുറിച്ചു പഠനം നടത്തുകയും അവരുടെ 80 ശതമാനം പരിശ്രമവും പണവും ചെലവിട്ടത് 20 ശതമാനം ഫലം പുറപ്പെടുവിക്കുന്ന സ്ഥലങ്ങളിലെ സേവനത്തിനു വേണ്ടിയായിരുന്നു, എന്നാൽ അവരുടെ ഫലത്തിന്റെ 80 ശതമാനം വന്നതു അവരുടെ 20 ശതമാന പരിശ്രമത്തിന്റെ ഫലമായിട്ടാണ്. കൂടാതൽ പ്രാപ്തി കൈവരിക്കേണ്ടതിനു അവരുടെ പ്രവർത്തന നടപടികളിൽ ചില ക്രമീകരണം നടത്തേണ്ടിയിരിക്കുന്നു. ഏതൊരു ഇടവകയും അവരുടെ പ്രാപ്തി പരമാവധി ഉപയോഗിക്കുവാൻ തുടങ്ങുന്നതിനു മുൻപു, വിവരം ശേഖരിക്കണം.

1. ഇടവകയിലെ അംഗങ്ങളുടെ പ്രായം അറിയുക. അംഗങ്ങളിൽ അധികവും അറുപതു വയസു പ്രായമോ അതിൽ കൂടുതലോ ഉള്ളവരാണോ? മിക്കവരും ഇരുപതു മുതൽ നാല്പതു വയസുവരെ പ്രായമുള്ളവരാണോ?

2. എന്തെല്ലാം പ്രത്യേക പരിശീലനമാണ് ലഭിച്ചിട്ടുള്ളതെന്നും എന്തെല്ലാം പരിശീലനമാണ് അവർ കിട്ടുവാൻ ആഗ്രഹിക്കുന്നതെന്നും അറിയുക. മൂപ്പന്മാർ, ശുശ്രൂഷകന്മാർ, അല്ലെങ്കിൽ ബൈബിൾ ക്ലാസ് പഠിപ്പിക്കുന്നവർ ആകുവാൻ അവർ പരിശീലനം ആഗ്രഹിക്കുന്നുണ്ടോ?

3. അംഗങ്ങളുടെ ഗാർഹിക നിലവാരം അറിയുക. അംഗങ്ങളല്ലാത്ത ദമ്പതികൾ എത്ര പേരുണ്ട്? പതിപ്രായക്കാരായ കുട്ടികൾ സുവിശേഷം അനുസരിച്ചിട്ടുണ്ടോ? എത്ര പേർ വിവാഹമോചനം നേടിയിട്ടുണ്ട്? വിശ്വസ്തരും പ്രവർത്തിക്കുന്നവരുമായ അംഗങ്ങൾ എത്ര പേരുണ്ട്?

4. അംഗങ്ങളും സന്നിഹിതരാകുന്നവരും തമ്മിലുള്ള അനുപാതം അറിയുക; ബൈബിൾ ക്ലാസിൽ വരുന്നവർ (ഞായറാഴ്ച്ച കാലത്ത്) കൂടാതെ പൊതുവായ സഭായോഗത്തിൽ വരുന്നവർ എത്ര; ഞായറാഴ്ച്ച രാവിലെയും ഞായറാഴ്ച്ച വൈകുന്നേരവും മധ്യവാര ക്ലാസിലും സംബന്ധിക്കുന്നവർ എത്ര എന്നു നോക്കുക.

5. ആരാധനയെ സംബന്ധിച്ചു അംഗങ്ങൾക്കു പരിശീലനം കിട്ടിയിട്ടുണ്ടോ എന്നറിയുക. ആരാധനയുടെ വിവിധ പരസ്യ പ്രവൃത്തികളിൽ പങ്കാളികളാകുന്നവർ എത്ര പേരുണ്ട്?

6. അംഗങ്ങളുടെ ധർമ്മശേഖര മാതൃക അറിയുക. (നോക്കുക പ്രവൃത്തികൾ 2:42–47; 4:32–5:11; 1 കൊരിന്ത്യർ 16:1, 2; 2 കൊരിന്ത്യർ 8; 9.)

7. ഇടവക പ്രാദേശികമായും അന്തർദ്ദേശീയമായും നടത്തുന്ന സുവിശേഷപ്രവർത്തനം എത്രമാത്രം ഉണ്ട് എന്നറിയുക, അതിൽ പണവും അംഗങ്ങളും ഉൾപ്പെടുന്നു.

ഈ അടിസ്ഥാന വസ്തുതകൾ അറിയുന്നതുവരെ, ഒരു ഇടവക എത്ര മാത്രം വളർന്നിട്ടുണ്ട് എന്നും, എവിടെയാണ് അതിന് വളർച്ച ആവശ്യമായത്, അല്ലെങ്കിൽ കാര്യങ്ങൾ “ക്രമപ്പെടുത്താൻ” എവിടെ ആരംഭിക്കണം എന്നും സ്വയം അറിയുവാൻ സാധിക്കുകയില്ല.

പട്ടണം തോറും “മൂപ്പന്മാരെ ആക്കി വെക്കുവാൻ”[13] പൗലൊസ് തിത്തൊസിനോടു ആവശ്യപ്പെട്ടു. “നിയമിക്കുക”[14] എന്ന വാക്ക് ശ്രദ്ധിക്കുക. ഈ വാക്കിനുള്ള ഊന്നൽ *ഒരുക്കത്തിൽ* ഉള്ളതുപോലെ *കൊടുത്തിട്ടുള്ളതിൽ* ഇല്ല. സുവിശേഷകന്മാരുടെ പ്രധാനപ്പെട്ട ജോലി അവരുടെ *പ്രവൃത്തിയിലും മനോഭാവത്തിലും* മൂപ്പന്മാർ ചെയ്യുവാൻ ആവശ്യപ്പെട്ടിരിക്കുന്നതു അവർ ചെയ്യുന്നുണ്ടോ എന്നുറപ്പുവരുത്തുക എന്നതാണ്.[15]

ഏതാനും ചെറിയ നിർദ്ദേശങ്ങളേക്കാൾ വളരെ മുഖ്യമായത് ഒരു ഇടവകയുടെ ഭാവിയെ കൂടുതലായി ബാധിക്കുന്ന തീരുമാനങ്ങളും പ്രവൃത്തികളും ആവശ്യപ്പെടുന്നു. പൗലൊസ് ഈ ചുമതല തിത്തൊസിനു കൊടുത്തപ്പോൾ, അതിനായി “നയിച്ചിരുന്നു”[16] ഒരു ഇടവക ക്രമ വിരുദ്ധമായി കാണുമ്പോൾ ഏതൊരു സുവിശേഷകനോ തിത്തൊസിനോ സഹായകമായി ഇതു തിരഞ്ഞെടുക്കാവുന്ന ഒന്നായിരുന്നില്ല. അതിനു സമയ വിവരപ്പട്ടിക ഒന്നും നല്കിയിട്ടില്ല, കാരണം ഓരോ ഇടവകയുടേയും ആവശ്യങ്ങൾ വ്യത്യസ്തമായിരിക്കും. എങ്ങനെയായാലും, തന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതു വരെ ഒരു സുവിശേഷകൻ ഈ യോഗ്യമായ ഉന്നം സൂക്ഷിക്കണം!

**മൂപ്പന്മാർക്കുവേണ്ട**
**യോഗ്യതകൾ (വാ. 6-9)**[17]

പൗലൊസ് പിന്നീട് മൂപ്പന്മാർക്കുള്ള യോഗ്യതകൾ നല്കുന്നുണ്ട്. ലിസ്റ്റിൽ ആദ്യം "അനിന്ദ്യൻ"[18] എന്നു ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക (അതു പിന്നെ വാക്യം 7-ലും പറയുന്നുണ്ട്). ഈ സ്വഭാവം അപ്രകാരം വെച്ചിരിക്കുന്നതു ഒരു മൂപ്പനു ഉണ്ടാകേണ്ട മറ്റു സ്വഭാവഗുണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടാണ് (1:6-9).

"അനിന്ദ്യൻ"

I. ഒരു കുടുംബമുള്ളവനായി
1. ഏക ഭാര്യയുടെ ഭർത്താവു (ഗ്രീക്ക്.: *മിയാസ്ജുനായികോസ് ആനെർ*), ഒരു - സ്ത്രീയുള്ള പുരുഷൻ
2. ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാതെ, വിശ്വാസികളുള്ള മക്കൾ ഉള്ളവൻ

II. വ്യക്തിപരമായ ജീവിതത്തിൽ

*നിഷേധകരമായി* -
3. ത - ന്നിഷ്ടക്കാരൻ അരുത്
4. മുൻ - കോപി അരുത്
5. മദ്യപ്രിയൻ അരുത്
6. തല്ലുകാരൻ അരുത്
7. ദുർല്ലാഭമോഹി അരുത്

*ക്രിയാത്മകമായി* -
8. അതിഥി പ്രിയൻ
9. സൽഗുണപ്രിയൻ
10. സുബോധശീലൻ
11. നീതിമാൻ
12. നിർമ്മലൻ
13. ജിതേ - ന്ദ്രിയൻ

III. ഉപദേശപര - മായി
14. വിശ്വസ്ത വചനം പിടിച്ചുകൊള്ളുന്നവൻ
15. പത്ഥ്യോപദേശത്താൽ പ്രബോധിപ്പിക്കുവാൻ കഴിവുള്ളവൻ
16. വിരോധികൾക്കു ബോധം വരുത്തുവാൻ കഴിവുള്ളവൻ

"നല്ല ജീവിതം നയിക്കുന്നതുകൊണ്ട് മാത്രം" ഒരാൾക്ക് ആവശ്യപ്പെടുന്ന ഈ യോഗ്യതകൾ നേടാവുന്നതല്ല. ഒരു ഉപദേഷ്ടാവായി അയാൾ, പഠിപ്പിക്കുവാൻ "സമർത്ഥൻ"[19] ആയിരിക്കണം. തീർച്ചയായും ഒരാൾക്ക് ദൈവ വചനത്താൽ "പ്രബോധിപ്പിക്കേണ്ടതിനു"[20] കഴിവു

വേണം. വിശ്വസ്ത വചനം മുറുകെ പിടിച്ചു കൊള്ളുന്നവൻ മുകളിൽ പറഞ്ഞ യോഗ്യതകൾ കൈവരിക്കും (“പത്ഥ്യോപദേശം”). ആത്മാക്കളുടെ ആവശ്യങ്ങളായ – ഒരാളെ ആശ്വസിപ്പിക്കുക, മറ്റൊരാളെ ആത്മിക വർദ്ധന വരുത്തുക, ഇനിയുമൊരാളെ സന്തോഷിപ്പിക്കുക, വേറൊരാളെ ശക്തിപ്പെടുത്തുക, മറ്റൊരാളെ ഉപദേശിക്കുക – എന്നിവയെല്ലാം നിറവേറ്റി ദൈവവചനം അവരിൽ എത്തിക്കുവാൻ എത്ര മൂപ്പന്മാർക്കു കഴിയും? ഈ ക്രിയാത്മക യോഗ്യതകൾ നല്ല ജീവിതത്തേക്കാൾ ആവശ്യമാണ്.

ഒരു മൂപ്പന്റെ ചുമതലയിൽ വരുന്ന ഉപദേശത്തിലെ നിഷേധകരമായ കാര്യം വാക്യം 9-ൽ പറഞ്ഞിരിക്കുന്നു: എതിരാളികളെ[21] അയാൾക്ക് അഭിമുഖീകരിക്കേണ്ടിവരും (മറുത്തു പറയുന്നവർ; കെജെവി). എന്തൊരു പിടിവാദമുള്ള വ്യക്തിത്വം! ഒരു മൂപ്പൻ ആ രീതിയിലുള്ള വ്യക്തിയെ “നിരാകരിക്കുവാൻ”[22] കഴിവുള്ളവനാകും. നല്ല ജീവിതം മാത്രം നയിക്കുന്നതിനാൽ ഒരാൾക്ക് ഈ നിരാകരിക്കുന്ന കഴിവുണ്ടാകുമോ? അതു അയാളെ ദുരുപദേഷ്ടാവിന്റെ തെറ്റു വെളിപ്പെടുത്തുകയും തിരുത്തുകയും ചെയ്യുമോ? ഇവയെല്ലാം വാസ്തവത്തിൽ സഭയിലെ ആവശ്യങ്ങളാണ്. അറിവുള്ള മനസ്സും “സത്യ വചനത്തെ യഥാർത്ഥമായി പഠിപ്പിക്കുവാൻ” കഴിവുമുള്ളവർ ഈ ചുമതല നിറവേറ്റുവാൻ ആവശ്യമുള്ളവരാണ് (2 തിമൊഥെയൊസ് 2:15). ദൈവ ജനത്തിനിടയിൽ പ്രവർത്തിച്ചു അവരെ സൂക്ഷിക്കേണ്ട മൂപ്പന്മാർക്കു ഈ യോഗ്യതകൾ എത്ര പ്രായോഗികമെന്നു ചിന്തിക്കുക (എബ്രായർ 13:17).

*ഒരാളുടെ കുടുംബത്തെ സംബന്ധിച്ചു*, ഒരു പുരുഷനു ഒരു സ്ത്രീ എന്നതിൽ ഒരിടത്തും ആരും ഒരു കുഴപ്പവും ഇന്നുവരെ കണ്ടിട്ടില്ല.[23] അതുപോലെ ഒരാൾക്കു “ദുർനടപ്പിന്റെ ശ്രുതിയോ”[24] അല്ലെങ്കിൽ “അനുസരണക്കേടോ”[25] ഇല്ലാത്ത വിശ്വാസികളായുള്ള മക്കളുണ്ടെങ്കിൽ ഒരു തെറ്റും ഇന്നുവരെ കണ്ടിട്ടില്ല. ഒരാൾക്ക് നല്ല കുടുംബം ഉണ്ടായിരിക്കുന്നതും അയാളുടെ മക്കളെ കുറിച്ചു കുറ്റമൊന്നും പറയാനില്ലാതിരിക്കുന്നതും, ദൈവത്തിന്റെ ഭവനമായ, സഭയെ നടത്തുവാനുള്ള മുഖ്യപടിയാണ് (1 തിമൊഥെയൊസ് 3:4, 15).

*വ്യക്തിപരമായ ജീവിതത്തിൽ*, ഒരു മൂപ്പനു പല യോഗ്യതകളും വേണം. ഈ ആവശ്യങ്ങൾ ഓരോന്നും നാം വായിച്ചാൽ അതെല്ലാം എങ്ങനെ ഒരു മൂപ്പന്റെ വേലയിൽ യോജിച്ചിരിക്കുന്നു എന്നു കാണാം. മനുഷ്യ ശരീരത്തിലെ അവയവങ്ങൾ ഒന്നിനൊന്നു ചേർന്നു ബന്ധപ്പെട്ടിരിക്കുന്നതുപോലെ, ഇടകലർന്ന ബന്ധത്തിലാണ്, മൂപ്പന്മാരും അംഗങ്ങളുമായി യോജിച്ചിരുന്നത് (1 കൊരിന്ത്യർ 12:12–27). നിഷേധമായി പറഞ്ഞാൽ, “തന്നി – ഷ്ടക്കാരൻ” ആയ ഒരാൾ മറ്റുള്ളവരുടെ കാര്യം നോക്കാതെ സ്വന്തം കാര്യം മാത്രം നോക്കും (എബ്രായർ 13:17; ഫിലിപ്പിയർ 2:19, 20). ഒരാൾ “മുൻ – കോപി” ആയാൽ ക്രമം കെട്ട ആത്മാക്കളെ ആത്മിക വർദ്ധനയിലേക്കു ശാന്തമായി നയിക്കുവാൻ കഴിയുകയില്ല (1 തെസലൊനിക്യർ 5:12–14). തല്ലുകാരനോ അടിക്കുന്നവനോ തീർച്ചയായും കൂട്ടത്തിനു മാതൃക കാണിച്ചു കൊടുപ്പാൻ സാധ്യമല്ല (1 പത്രൊസ് 5:3). മൂപ്പന്മാർ ഒരു ഇടവകയുടെ സാമ്പത്തിക കാര്യങ്ങളെ

നടത്തേണ്ടവരായതുകൊണ്ട് (പ്രവൃത്തികൾ 11:30), "ദുർല്ലാഭമോഹി ആയാൽ ഒരു മൂപ്പൻ എത്ര അയോഗ്യനാകും!" (നോക്കുക യോഹന്നാൻ 12:4-6.)

ക്രിയാത്മകമായ വ്യക്തിത്വയോഗ്യതകൾ ഒരു മൂപ്പനിൽ നിക്ഷിപ്ത മായ ചുമതലക്കു അനുയോജ്യമാണ്. ഒരു ഇടയനെ സംബന്ധിച്ചു അതിഥി സൽക്കാരം സ്വാഭാവികമാണ് ("പാസ്റ്റർ"; എഫെസ്യർ 4:11; പ്രവൃത്തികൾ 20:28) കാരണം അവൻ കൂട്ടത്തെ മേയ്ക്കേണ്ടവനാണ് (നോക്കുക ലൂക്കൊസ് 15:3-7). "സുവിശേഷം" കൊണ്ടു കൂട്ടത്തെ പോഷിപ്പിക്കേണ്ട തു കൊണ്ടും അംഗങ്ങൾക്കു അനുകരിക്കുവാൻ ഒരു നിലവാരം വെക്കേണ്ടതു കൊണ്ടും, അയാൾ നന്മ ഇഷ്ടപ്പെടുന്നവനായിരിക്കണം. സുബോധമായിരിക്കുന്നവൻ എന്നാൽ (ഇന്ദ്രിയ - ജയം വേണം) "തിന്മക്കു പകരം തിന്മ" എന്ന രീതിയിൽ ആരും പ്രവർത്തിക്കാതെ നോക്കുന്നവ നാണ് (1 തെസലൊനിക്യർ 5:15). കലഹമുള്ളവരെ അച്ചടക്കം വരുത്തു വാൻ കൈകാര്യം ചെയ്യുന്ന ആൾ (തിത്തൊസ് 3:10) തീർച്ചയായും നീതി മാൻ ആയിരിക്കണം, അതിൽ ഉറപ്പും ന്യായവും അടങ്ങിയിരിക്കുന്നു. രാപ്പകൽ കണ്ണുനീരിൽ ആയിരിക്കുന്ന സഹോദരങ്ങളെ പ്രബോധിപ്പിക്കു വാൻ ആവശ്യമായ ആഴമേറിയ ആത്മിയത (പ്രവൃത്തികൾ 20:31, 35) മൂപ്പ ന്മാർ എന്തുകൊണ്ട് "നിർമ്മലന്മാരും" "ജി - തേന്ദ്രിയന്മാരും"[26] ആയിരി ക്കണം എന്നാണ് തെളിയിക്കുന്നത്.

മൂപ്പന്മാർ ചെയ്യുവാൻ ദൈവം ചുമതലപ്പെടുത്തിയ കാര്യങ്ങൾ ചെയ്യു വാൻ ഈ യോഗ്യതകൾ എത്ര മാത്രം പര്യാപ്തമാണ്! മൂപ്പന്മാർ അത്ത രത്തിൽ യോഗ്യരായിരിക്കേണ്ട ആവശ്യകത, പൗലൊസ് തുടർന്നു കാണി ക്കുന്നുണ്ട്.

### മൂപ്പന്മാരുടെ ആവശ്യം
### (വാ. 10-16)

ഒരു കാരണം കൂടാതെ ദൈവം ഒന്നും ആവശ്യപ്പെടുകയില്ല. മാതാ പിതാക്കൾ കുട്ടികളുടെ ആവശ്യങ്ങൾക്കു കാരണങ്ങൾ ആവശ്യപ്പെടു ന്നതുപോലെ, ദൈവം തന്റെ മക്കളിൽ നിന്നു ആവശ്യപ്പെടുന്നതിന്റെ കാരണങ്ങളും പ്രാധാന്യമർഹിക്കുന്നതാണ്. ദൈവം ആവശ്യപ്പെടുന്നതു യുക്തിപരമാണ്.

### ഉറപ്പില്ലാത്ത അംഗങ്ങളെ അവരുടെ പരിതസ്ഥിതിയാൽ അതിജീവിക്കുവാൻ കഴിയും (വാ. 10-14)

ഈ മൂന്നു ഇനങ്ങളിൽ ഒന്നിൽ പെടുന്നവരാണ് ധാരാളം ആളു കൾ എന്നു പൗലൊസ് പറയുന്നു - അവരെല്ലാവരും കുഴപ്പമുണ്ടാക്കു ന്നവരത്രേ (1:10, 11).

ചിലർ "മത്സരിക്കുന്നവരാണ്."[27] അവരുടെ സ്വഭാവത്തെ തടയുന്ന അല്ലെങ്കിൽ നിയന്ത്രിക്കുന്ന ഏതൊരു തത്വത്തെയും അവർ എതിർക്കും. അവർ കാരണം കൂടാതെ മത്സരിക്കും. അവർ പ്രവർത്തിക്കുന്നതിനു പകരം പ്രതികരിക്കും, ബന്ധപ്പെടുന്നതിനു പകരം മത്സരിക്കും. അവർ സത്യത്തിനു പകരം കുഴപ്പം ഇഷ്ടപ്പെടുന്നു!

ഇങ്ങനെയുള്ളവർ "വ്യഥാ വാചാലന്മാരോടു"[28] ചേരുന്നു. അവർ ധാരാളം സംസാരിക്കും, പക്ഷെ അവർ പറയുന്നതൊന്നും പ്രയോജനം ഉള്ളതല്ല. അവർ പറയുന്നതു വൃണപ്പെടുത്തും, അല്ലാതെ സഹായിക്കുന്നതല്ല. എത്രമാത്രം സമയം അവർ പാഴാക്കി എന്നും എത്രമാത്രം ചെവികളെ അവർ പ്രയോജനമില്ലാതെ പിടിച്ചുവെച്ചു എന്നും കർത്താവിനു മാത്രം അറിയാം.

അടുത്ത ഒരു കൂട്ടർ കൂടുതൽ അപകടകരമായി പ്രവർത്തിക്കുന്നവരാണ്, കാരണം അവർ "വഞ്ചകർ"[29] ആണ്. ദൈവജനം വിശ്വാസത്താൽ പത്ഥ്യോപദേശ പ്രകാരം ജീവിക്കുന്നതിനു പകരം ജഢത്തെ ആനന്ദിപ്പിക്കുന്നതിൽ *വൈകാരികമായി പ്രവർത്തിക്കേണ്ടതിന്* ഇടയാക്കുന്ന കരിസ്മാറ്റിക് പരിശ്രമത്തെ ഇതു സൂചിപ്പിക്കുന്നു എന്നു തോന്നാം. അത്തരം അപകടകാരികളായ വഞ്ചകർ കൂട്ടത്തിൽ വരുമെന്നുള്ളതുകൊണ്ട് 1:9-ൽ വിവരിച്ച യോഗ്യതകളുള്ള പുരുഷന്മാർ സഭയ്ക്കുവേണം.

ദുഃഖകരമായ കാര്യം എന്തെന്നാൽ ഈ മൂന്നു കൂട്ടങ്ങളും ആത്മാക്കളെ നശിപ്പിക്കുന്നതും നാശകരവുമായ രീതിയിൽ സ്വാധീനിക്കുന്നു എന്നതാണ്. പൗലൊസ് പറഞ്ഞ കുഴപ്പക്കാർ "കുടംബങ്ങളെ മുഴുവൻ മറിച്ചു കളയുന്നവർ"[30] ആണ് (1:11); അതായതു, കുടുംബത്തിന്റെ മുഴുവൻ വിശ്വാസത്തെയും അവർ ഇല്ലാതാക്കുന്നു. ഏതെങ്കിലും ഒരു ആത്മാവു സഭ വിട്ടുപോയാൽ, അനുതാപത്തിനു കാരണമായേക്കാം; എന്നാൽ കുടുംബം മുഴുവനായി സഭ വിട്ടുപോയാൽ, യഥാസ്ഥാനത്തിനുള്ള പ്രത്യാശ കുറവായിരിക്കും. അത്തരം പ്രവർത്തികളെയും അത് മൂപ്പന്മാരോ സഹോദരന്മാരോ അവഗണിക്കുന്നതിനെയും ദൈവം നിഷേധിക്കുന്നു! "അവർ പഠിപ്പിക്കരുതാത്തതു പഠിപ്പിക്കുന്നു," എന്നതിനാൽ 1:9 ലെ പത്ഥ്യോപദേശത്തെ എതിർക്കുന്നവരാണ്. പൗലൊസിന്റെ ശക്തമായ ശിക്ഷാവിധി പ്രതിഫലത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കു യോജിച്ചതാണ്: അവർ ദുരുപദേശത്തെ "ദുർല്ലാഭം മോഹിച്ചു" പഠിപ്പിക്കുന്നു.

ക്രേത്തർ "അസത്യവാദികളും, ദുഷ്ടമൃഗങ്ങളും, മടിയന്മാരായ പെരുവയറന്മാരും" എന്നു പറഞ്ഞതിനു തെളിവായി ബി.സി. ആറാം നൂറ്റാണ്ടിലെ കവി ആയിരുന്ന, എപ്പിമെനിഡെസിനെയും, പിന്നെ പൗലൊസ് എടുത്തു കാണിക്കുന്നു (1:12). അവരെ വിമർശിക്കുന്നതിനു പകരം "അവരുടെ തന്നെ" പ്രവാചകനെ എന്നു എടുത്തു കാണിച്ചിരിക്കുന്നു, എന്നാൽ അവൻ അവരെ കുറ്റപ്പെടുത്തി.

പൗലൊസ് കല്പിച്ചതു, "അവരെ കഠിനമായി[31] ശാസിക്ക"[32] എന്നാണ് (1:13). ഈ ചുമതല നിർവ്വഹിക്കുവാൻ വചന പരിജ്ഞാനവും വലിയ ധൈര്യവും വേണം, പക്ഷെ അതു ആജ്ഞാസ്വഭാവം ഉള്ളതാണെന്നു ഓർമ്മിക്കുക. ജനങ്ങളുടെ ആത്മാക്കളും ഭവനങ്ങളും അപകടത്തിലാണ്. ഇതേ ആത്മാക്കൾ മാറിയാൽ, അവർ "വിശ്വാസത്തിൽ ആരോഗ്യമുള്ളവർ ആയേക്കും."

ശാസിക്കുവാനുള്ള ഈ ദൈവ കല്പന തൃപ്തികരമായിരിക്കയില്ല. (1) ഭയത്തോടെ ദൂരെ മാറി നിന്നാൽ, (2) അതെത്ര മോശമാണെന്നു കരുതിയാൽ, (3) തെറ്റു ചെയ്തവ*രോടു* സംസാരിക്കാതെ തെറ്റു ചെയ്യു

ന്നവരെ *കുറിച്ചു* സംസാരിച്ചാൽ, അല്ലെങ്കിൽ (4) അവരോടു സംസാരിക്കുന്നത് മയമില്ലാതെയായിരിക്കുകയാണെങ്കിൽ. അപക്വമായ സഹോദരങ്ങൾ ഇവയിലേതെങ്കിലും വിധത്തിലോ അല്ലെങ്കിൽ അതിൽ കൂടുതലോ ആയി പ്രതികരിക്കും. ഈ ചുമതല നിർവ്വഹിക്കുവാൻ ആത്മിയമായി നിങ്ങൾ പക്വത ആർജ്ജിച്ചിട്ടുണ്ടോ?

ആ വിവാദ ചൂടിലും കലക്കത്തിലും, പൗലൊസിന്റെ പ്രായോഗികമായ ആഹ്വാനം എന്തെന്നാൽ "യെഹൂദ കഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും ശ്രദ്ധിക്കാതിരിക്കണം എന്നാണ്" (1:14). വൈകാരിക നിമിഷങ്ങളിലും തിരുത്തുന്ന സാഹചര്യങ്ങളിലും (കൂടുതൽ സംസാരം വേണ്ടിവരുമ്പോൾ), വസ്തുതകളോടൊപ്പം കെട്ടുകഥകളും ദൈവികവഴികൾക്കു പകരം മനുഷ്യ കല്പനകളും വളരെ എളുപ്പം കയറിവരും. *അപ്പോൾ പത്ഥ്യോപദേശത്തിൽ പ്രബോധിപ്പാനും മറുത്തു നില്ക്കുന്നവരെ ബോധ്യപ്പെടുത്തുവാനും പക്വതയുള്ള പുരുഷന്മാർ വേണം!*

### അംഗങ്ങൾക്ക് അവരുടെ ചുറ്റുപാടിനു മീതെ ഉയരുവാൻ കഴിയണം (വാ. 15, 16)

നമ്മുടെ ഉള്ളിൽ വിചാരിക്കുന്നതെങ്ങനെയോ, അങ്ങനെയാണ് നാം (സദൃശ്യവാക്യങ്ങൾ 23:7). നാം എന്താണെന്നും ആരാണെന്നും ഉള്ളിൽ ഉള്ളതാണ് - അല്ലാതെ പുറമെയുള്ളതല്ല - നമ്മുടെ പ്രവൃത്തികളും പ്രതികരണങ്ങളും തീരുമാനിക്കുന്നതു. മലിനപ്പെട്ട ക്രേത്തക്കു പൗലൊസ് എഴുതി, "ശുദ്ധിയുള്ളവർക്കു, എല്ലാം ശുദ്ധം തന്നെ"[33] (1:15). വിലക്കപ്പെട്ടതിൽ നിന്നു ഒഴിഞ്ഞു മാറുവാൻ വിശുദ്ധനു കഴിയും, ശിക്ഷിക്കപ്പെടാവുന്ന മനോഭാവത്തെ ഒഴിവാക്കുവാൻ അവനു കഴിയും, ദുഷിച്ച ചുറ്റുപാടിൽ നിന്നു അഴുക്കു പുരളാത്ത സ്വഭാവവുമായി പോകുവാനും സാധിക്കും.

"മലിനപ്പെട്ടവർ"[34] തീർച്ചയായും വിശുദ്ധി ഇഷ്ടപ്പെടും. പ്രശ്നത്തിനു രണ്ടു സ്വഭാവമുണ്ട്. മലിനപ്പെട്ടവരുടെ മനസ്സിനെയും (ഒരിക്കലും ശരിയായി ചിന്തിക്കാത്ത) മനസാക്ഷിയേയും (ഒരിക്കലും കരുതാതിരിക്കുന്നത്) ബാധിക്കും. ഒന്നു തിമൊഥെയൊസ് 4:1-3 പറയുന്നതു വഞ്ചകന്മാരായ ആത്മാക്കൾക്കു ചെവികൊടുക്കുന്നവർ അവരുടെ മനസാക്ഷിക്കു ചൂടുവെച്ചവരാണ്.

ഇതു മനുഷ്യന്റെ സ്വാഭാവികമായ ഓട്ടമോ നടപ്പോ അല്ല. പൗലൊസ് ഉപയോഗിച്ച വാക്കായ "ഡൈ" ചിത്രീകരിക്കുന്നത് സാധാരണമായതു അല്ലെങ്കിൽ പ്രകൃതിദത്തമായതു അസ്വാഭാവികം അല്ലെങ്കിൽ അസാധാരണം ആയി എന്നാണ്. ദൈവം അതിനേക്കാൾ ശ്രേഷ്ഠമായിട്ടാണ് നമ്മെ രൂപപ്പെടുത്തിയിരിക്കുന്നത്. ഇതു എബ്രായർ 5:11-നു സമാന്തരമാണ്, അവിടെ ലേഖകൻ പറയുന്നതു ചിലർ "കേൾക്കുവാൻ മാന്ദ്യമുള്ളവർ" എന്നാണ്. ആളുകൾ അങ്ങനെ ജനിച്ചവരല്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു നേരുള്ളവനായിട്ടാണ്. നിർഭാഗ്യകരമായി, "മനുഷ്യരോ അനേക സൂത്രങ്ങളെ ആരാഞ്ഞു" (സഭാപ്രസംഗി 7:29; എൻഐവി). ദൈവം രൂപപ്പെടുത്തിയതായ പദവിയിലേക്കു മനുഷ്യനെ യഥാസ്ഥാനപ്പെടുത്തുവാൻ

സഹായിക്കുക എന്നതാണ് തിത്തൊസിനും എല്ലാ സുവിശേഷക ന്മാർക്കും കൊടുത്തിരിക്കുന്ന ദൗത്യം!

ശുദ്ധിയുള്ളവർ ശുദ്ധമായ വഴി പിൻപറ്റുമ്പോൾ, മലിനപ്പെട്ടവർ ദൈവത്തോടു ഭക്തിയുള്ളവർ എന്നവകാശപ്പെട്ടാലും സമ്മർദ്ദവും പിരി മുറുക്കവും നേരിടുമ്പോൾ അവനെ “തള്ളിപ്പറയും”[35] (1:16). അവർ ദൈവ ഭക്തി പരിശീലിക്കുന്നതായി വാഗ്ദാനം ചെയ്യും, പക്ഷെ അതു “പറ ച്ചിൽ”[36] മാത്രമാണ്. “അതു ശരിയാണെന്നു എനിക്കറിയാം” എന്നു പറ യുകയും, ഉടനെ അതിനു വിശുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന എത്രയോ പേരുണ്ട്? അവർ മത്തായി 7:15–23; 23:2, 3 ലെ ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിച്ചു വായിക്കുക.

സൽപ്രവൃത്തികൾക്ക് എതിരായി, അനുസരണമില്ലാത്തവരെയും മ്ലേഛത പ്രവർത്തിക്കുന്നവരെയും - പൗലൊസ് തിത്തൊസിനു എഴു തിയ ലേഖനത്തിൽ - ചുരുക്കി “നിന്ദ്യമായ”[37] തെന്നു പറഞ്ഞിരിക്കുന്നു. ദൈവ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട ആത്മാക്കൾ വിലയില്ലാതായി തീരു ന്നതു എത്ര ഖേദകരമാണ്!

---

കുറിപ്പുകൾ

[1]അപ്പൊസ്തലൻ (ഗ്രീക്ക്.: *അപ്പൊസ്തൊലോസ്*) - ഒരു “സന്ദേശവാഹ കൻ, കല്പനകളുമായി അയക്കപ്പെടുന്നവൻ” (സി. ജി. വിൽക്കേ ആന്റ് വിലി ബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 68). [2]ദൈവഭക്തി (ഗ്രീക്ക്.: *യൂസേബെയിയാ*) - “ആദര വു, ബഹുമാനം, ബൈബിളിൽ എല്ലായിടത്തും ദൈവത്തോടുള്ള ഭക്തി, ദൈവ ഭക്തി, പ്രവൃത്തികൾ 3:12; 1 തിമൊ. 2:2; 4:7, 8; 6:5 ... 2 തിമൊ. 3:5” (തേയർ, 259); “... ഹൃദയത്തിന്റെ ഒഴുക്കുള്ള വികാരം പ്രകടിപ്പിക്കൽ ... മതം, സുവിശേഷ പദ്ധതി” (എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 307). [3]പ്രത്യാശ (ഗ്രീക്ക്.: *എൽപിസ്*) - “നിത്യരക്ഷയുടെ സന്തോഷകരവും ആത്മ വിശ്വാസമുള്ളതുമായ പ്രതീക്ഷ, പ്രവൃത്തികൾ 23:6 ... പ്രത്യാശയുടെ തീർച്ച യുള്ള ശക്തി, എബ്രാ. 6:11” (തേയർ, 205–6). [4]പ്രദർശിപ്പിക്കുക (ഗ്രീക്ക്.: *ഫനേ രൂ*) - “ദൃശ്യമാക്കുക അല്ലെങ്കിൽ മറഞ്ഞിരുന്നതു അറിയുക അല്ലെങ്കിൽ അറി യാതിരുന്നതു അറിയുക ... ഇപ്പോൾ വാസ്തവമായി ദൃശ്യമായി, തിരിച്ചറിഞ്ഞു ... വ്യക്തമായി തിരിച്ചറിഞ്ഞു, ശരിയായി മനസ്സിലാക്കി” (തേയർ, 648). [5]ആജ്ഞ (ഗ്രീക്ക്.: *എപിറ്റേജ്*) - “നിരോധന ഉത്തരവു, ആജ്ഞ ... 1 തിമൊ. 1:1; തിത്തൊ. 1:3 ... സാധ്യമായ എല്ലാ അധികാരവും, തിത്തൊ. 2:15” (തേയർ, 244). [6]നിജപു ത്രൻ (ഗ്രീക്ക്.: *നേസിയോസ്*) - “നിയമപരമായി ജനിച്ച, കൃത്രിമമല്ലാത്ത, വാസ്ത വത്തിലുള്ള, ആത്മാർത്ഥമായ ഒരാൾ: ഫിലി. 4:3; 1 തിമൊ. 1:2; തിത്തൊ. 1:4” (തേയർ, 119). [7]കൃപ (ഗ്രീക്ക്.: *ചാരിസ്*) - “സന്തോഷം നല്കുന്നത്, സുഖം, ആനന്ദം, മധുരമായ, സന്തോഷം, സ്നേഹാർദ്രമായ ... ക്ഷേമം, സ്നേഹിക്കു ന്ന ദയ, ആനുകൂല്യം ... ഒരാൾക്ക് അർഹതയില്ലാതെ ലഭിക്കുന്ന ദയവു ... ദൈവ

ത്താൽ ലഭിക്കുന്ന കരുണാർദ്രത, ആത്മാക്കളിലേക്കു അവന്റെ വിശുദ്ധ സ്വാധീനം പകരൽ, അവരെ ക്രിസ്തുവിലേക്കു തിരിക്കൽ, സൂക്ഷിക്കൽ, ശക്തിപ്പെടുത്തൽ, ക്രിസ്തീയ വിശ്വാസം അവരിൽ വളർത്തൽ, പരിജ്ഞാനത്തിൽ, വാത്സല്യത്തിൽ, ക്രിസ്തീയ മനോഗുണങ്ങളെ ജ്വലിപ്പിക്കൽ" (തേയർ, 665–66). [8]സമാധാനം (ഗ്രീക്ക്.: *എയിറേനേ*) – "മനഃശാന്തി ... വ്യക്തികൾ തമ്മിലുള്ള സമാധാനം, അതായതു യോജിപ്പു, സ്വരച്ചേർച്ച ... നല്ല ക്രമം ... ഭദ്രത ... സമൃദ്ധി ... ക്രിസ്തു മുഖാന്തരം രക്ഷിക്കപ്പെടുന്ന ആത്മാവിനു ലഭിക്കുന്ന മനഃശാന്തി, ഭൂമിയിൽ എന്തെല്ലാം സംഭവിച്ചാലും അതിൽ തൃപ്തിപ്പെട്ട്, ദൈവത്തെ ഒന്നു കൊണ്ടും ഭയപ്പെടാതിരിക്കാൻ കഴിയും" (തേയർ, 182). [9]നമ്മുടെ പരിശീലന പരിപാടികൾ പൊതുവിൽ (ക്രിസ്തീയ കോളേജുകൾ, പ്രീച്ചിങ്ങ് സ്കൂളുകൾ, ബൈബിൾ ചെയറുകൾ തുടങ്ങിയവ.) ക്രിസ്തുവിന്റെ ശരീരത്തിൽ മൂപ്പന്മാരായവർക്കു പക്വതയാർജ്ജിക്കുവാൻ ലഭിക്കുന്ന പരിമിതമായ പാഠ്യപദ്ധതി മാത്രമാണ്. ഉപദേഷ്ടാക്കന്മാരാകുവാൻ പരിശീലിക്കപ്പെട്ട പുരുഷന്മാർ നമുക്കുണ്ട്, യുവാക്കളെ നയിക്കുന്നവർ, വ്യക്തികൾക്കിടയിൽ പ്രവർത്തിക്കുന്നവരെ നയിക്കുന്നവർ, പാട്ടു പഠിപ്പിക്കുന്നവർ, മിഷ്ണറിമാർ എല്ലാമുണ്ട്, പക്ഷെ മൂപ്പന്മാരുടെ പരിശീലനം ആഴ്ച്ചയിൽ അവസാനം ഉള്ള സെമിനാറുകൾ ആയി നാം കുറക്കുന്നു! ഇവരെയാണ് ആജ്ഞ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്നതും, അവരാണ് നമ്മുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നതും (എബ്രായർ 13:17). ക്രിസ്തുവിന്റെ നിയമം നമുക്കു ഒരു പാഠ്യപദ്ധതി നല്കുന്നുണ്ട് (നോക്കുക 1 പത്രൊസ് 1:1–5; 1 തെസ. 5:12–22; പ്രവൃത്തികൾ 20:17–38), എന്നാൽ നാം പലപ്പോഴും ഉത്സാഹത്തോടെ പഠിക്കുകയോ ശരിയായി പഠിപ്പിക്കയോ ചെയ്യുന്നില്ല. ഈ ഉപേക്ഷക്കു വില കൊടുക്കുന്നതാണ് ഇടവകയിൽ മൂപ്പന്മാരില്ലാതെയാകുന്നതും അല്ലെങ്കിൽ ചിലർക്ക് ശരിയായ പരിശീലനം ലഭിക്കാത്തതിനാൽ അവരിൽ ഏല്പ്പിച്ചിരിക്കുന്ന ചുമതല ആത്മിയ അടിത്തറയോടെ പണിയുവാൻ കഴിയാതെ മൂപ്പന്മാരായി ശുശ്രൂഷിക്കേണ്ടി വരുന്നതും. [10]കാരണം (ഗ്രീക്ക്.: *ചാരിൻ*) – "അനുകൂലമായി, സുഖത്തിനു ... വേണ്ടി ... 1 തിമൊ. 5:14; തിത്തൊ. 1:11; യൂദാ 16 ... നാമം നിമിത്തം, എഫെ. 3:1; തിത്തൊ. 1:5 ..." (തേയർ, 665).

[11]ക്രമത്തിൽ ആകുക (ഗ്രീക്ക്.: *എപിഡിയർതോസ്*) – "ശരിയാക്കുക അല്ലെങ്കിൽ പുറമെ ശരിയാക്കൽ (ശരിയാക്കിയിരിക്കുന്നതിനെ) ... ശേഷിച്ചതിനെ ശരിയാക്കുക തിത്തൊ. 1:5" (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2 ഡി എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംഗ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 292). [12]ശേഷിക്കുന്നത് (ഗ്രീക്ക്.: *റ്റ ലെയിപോണ്ട എപിഡിയോർതോസ്*) – വസ്തുത എന്തെന്നാൽ ന്യൂട്ടർ ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം *എന്തുമാകാം*. മൂലവാക്ക്, *ലെയിപോ,* എന്നതിന്റെ അർത്ഥം "വിടുക ... പുറകിൽ, ഉപേക്ഷിക്കുക ... ഇഴയുക, അന്തരികമാക്കുക, യാക്കൊ. 1:4 ... ദാരിദ്ര്യാവസ്ഥ ... യാക്കൊ. 1:5; 2:15 ... ആഗ്രഹിക്കത്തക്കതു അല്ലെങ്കിൽ ഹാജരില്ലാത്ത, പരാജയപ്പെടുക ... തിത്തൊസ് 3:12 ... 1:5" (തേയർ, 375). [13]നിയമിക്കൽ നടത്തുന്നതിനു മുൻപു, ആവശ്യമുള്ളത് ക്രമപ്പെടുത്തേണ്ട ജ്ഞാനം ഉണ്ടായിരിക്കുന്നതു ശ്രദ്ധിക്കുന്നത് നല്ലതും, പ്രത്യേകിച്ചു ശരീരത്തിൽ യോജിപ്പുണ്ടാകുന്നതുപോലെ. അതില്ലെങ്കിൽ, അല്ലെങ്കിൽ ഇടവകയ്ക്കുള്ളിലുള്ള ഏതെങ്കിലും വിയോജിപ്പിനോ ക്രമരഹിതമായി നിലനില്ക്കു

ന്ന പ്രശ്നങ്ങൾക്കോ സ്ഥിരമായ നിലവാരം കൊടുക്കുകയാവും. [14]ആക്കിവെക്കൽ (ഗ്രീക്ക്.: *കാറ്റാസ്റ്റെമാ*) - വെക്കുക "സ്ഥാനം, ... നിബന്ധന, സ്വഭാവം, നാടുകടത്തൽ; തിത്തൊസ് 2:3" (റോബിൻസൺ, 389). [15]മൂപ്പന്മാരാകുന്നതിനു വേണ്ടി പുരുഷന്മാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതിനെ കുറിച്ചു ഡേയിറ്റൺ കെസിയുടെ, *ഏ റീ - ഇവാല്യോഷൻ ഓഫ് ദ എൽഡർഷിപ്പ്* എന്നതിൽ വിവരിക്കുന്നുണ്ട് (അബിലിൻ, ടെക്സ്.: ക്വാളിറ്റി പബ്ലിക്കേഷൻസ്, 1967), 40-47. [16]നയിക്കുക (ഗ്രീക്ക്.: *ഡയാറ്റാസോ*) - "ഉടനീളം ഏർപ്പെടുത്തുക, ക്രമത്തിലാക്കുക ... ക്രമത്തിലാക്കിവെക്കുക ... നിയമിക്കുക. ... അഭിഷേകം ചെയ്യുക, ആജ്ഞാപിക്കുക" (റോബിൻസൺ, 176); "... പറയുക, ആജ്ഞ നല്കുക ... മത്തായി 11:1; 1 കൊരി. 16:1 ... തിത്തൊ. 1:5" (തേയർ, 142). [17]"1, 2 തിമൊഥെയൊസ് & ടൈറ്റസ്" എന്ന പരമ്പരയിലെ ഒന്നാം ഭാഗത്തിലുള്ള 1 തിമൊഥെയൊസ് 3:1-8 ലെയും തിത്തൊസ് 1:6-9 ലെയും ചാർട്ടുനോക്കി ഈ യോഗ്യതകൾ പരിശോധിക്കുക. [18]അനിന്ദ്യൻ (ഗ്രീക്ക്.: *അനെഗ്ക്ലേറ്റൊസ്*) - "... കണക്കിലെടുക്കുവാൻ കഴിയാത്ത, കുറ്റം തെളിയിക്കുവാൻ കഴിയാത്ത, കുറ്റം ആരോപിക്കുവാൻ കഴിയാത്ത, കുറ്റമില്ലാത്ത ... 1 തിമൊ. 3:10; തിത്തൊ. 1:6" (തേയർ, 44). [19]കഴിവുള്ള (ഗ്രീക്ക്.: *ഡുനാമായി*) - "ശക്തി ഉണ്ടാകുക ... എന്തെങ്കിലും ചെയ്യുവാൻ കഴിയുക ... മർക്കൊസ് 9:22; ലൂക്കൊസ് 12:26; 2 കൊരിന്ത്യർ 13:8 ... കഴിവുള്ള, ശക്തി, ശക്തിയുള്ള; 1 കൊരിന്ത്യർ 3:2; 10:13" (തേയർ, 158-59). [20]പ്രബോധിപ്പിക്കുക (ഗ്രീക്ക്.: *പാരാകലെയോ*) - "ഒരാളുടെ പക്ഷത്താക്കുക ... പ്രസംഗിക്കുക, സംസാരിക്കുക ... അഭ്യർത്ഥന, ആശ്വസിപ്പിക്കുക, പ്രബോധിപ്പിക്കുക ... ആശ്വസിപ്പിക്കുക, ആശ്വാസത്താൽ സമാധാനിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യുക ... പുതുക്കുക, സന്തോഷിക്കുക ... ഉപദേശിക്കുക, പഠിപ്പി ക്കുക" (തേയർ, 482-83).

[21]വിരോധിക്കുക (ഗ്രീക്ക്.: *ആന്റിലെഗോ*) - "എതിരായി സംസാരിക്കുക, മറുത്തു പറയുക, വിരോധിക്കുക ... ഒരാളോടു എതിർക്കുക, അവനെ അനുസരിക്കുവാൻ കൂട്ടാക്കാതിരിക്കുക ... അവനുമായി എന്തെങ്കിലും ചെയ്യുവാൻ നിഷേധിക്കൽ" (തേയർ, 50). [22]നിരാകരിക്കുക (ഗ്രീക്ക്.: *എലെഗ്ക്കോ*) - "ബോധ്യമാക്കുക, നിഷേധിക്കുക, തിരസ്ക്കരിക്കുക ... കുറ്റത്തെ, തെറ്റിനെ അല്ലെങ്കിൽ, പാപമെന്ന കുറ്റത്തെ, 1 കൊരി. 14:24 ... യാക്കൊ. 2:9 ... ബോധ്യപ്പെടുത്തി വെളിച്ചത്തിലേക്കു കൊണ്ടു വരൽ, വെളിപ്പെടുത്തൽ ... യോ. 3:20, ഒത്തു. വാക്യം. 21; എഫെ. 5:11, 13 ... ക്രിസ്ത്യാനിത്വത്തിനെതിരായുള്ള ദുരുപദേഷ്ടാക്കളെ തുറന്നു കാണിക്കുക, തിത്തൊ. 1:9, 13 ... തിരുത്തുക; ... വാക്കിനാൽ: കഠിനമായി ശാസിക്കുക, വിരോധിക്കുക, പ്രബോധിപ്പിക്കുക, ശാസിക്കുക; യൂദാ 22 ... ഒരാൾക്കു തെറ്റു പറ്റിയതു കാണിച്ചു ... കൊടുക്കുക ... അച്ചടക്കം വരുത്തുക, ശിക്ഷിക്കുക, വെളി. 3:19" (തേയർ, 202-3). [23]പിതാക്കന്മാരുടെ ഇടയിൽ ഒരു പ്രമുഖ സഭ "പുരോഹിതഗണം" ശക്തമായി വിലക്കിയിട്ടുണ്ട് (ബിഷപ്പുമാരടക്കം - ശ്രദ്ധിക്കുക എബ്രായർ 13:4), അതു കർത്താവിന്റെ സഭയിൽ ബിഷപ്പുമാരായി സേവിക്കുന്നതിനു പൗലൊസ് പറഞ്ഞിരിക്കുന്നതിനു നേരെ എതിരാണ്. ദൈവത്തിന്റെ ഭവനത്തെ ഒരാൾക്കു നടത്തുവാൻ കഴിയുമെന്നു തന്റെ സ്വന്ത കുടുംബത്തിൽ കൂടെയാണ് അയാൾ തെളിയിക്കുന്നത്. വാസ്തവത്തിൽ, പിശാചു മറ്റൊരു സഭ ആരംഭിക്കുമ്പോൾ, അവൻ ഉപദേശത്തെ മാറ്റിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത് (റോമർ 16:17, 18; 1 യോഹന്നാൻ 4:1; പ്രവൃത്തി

കൾ 17:11; 20:28, 29). [24]ദുർന്നടപ്പു (ഗ്രീക്ക്.: *അസോറ്റിയ*) – "ഉപേക്ഷിക്കപ്പെട്ട മനുഷ്യൻ, രക്ഷിക്കപ്പെടുവാൻ കഴിയാത്ത ... വഴങ്ങാത്ത ..." (തേയർ, 82). [25]മത്സരം (ഗ്രീക്ക്.: *അനുപോടക്റ്റോസ്*) – "നിയന്ത്രിക്കുവാൻ കഴിയാത്ത ഒരാൾ, അനുസരണം കെട്ട, ക്രമം കെട്ട, മർക്കട മുഷ്ടിയുള്ള; 1 തിമൊഥെയൊസ് 1:9; തിത്തൊസ് 1:6, 10" (തേയർ, 52). [26]ഇന്ദ്രിയ – ജയം (ഗ്രീക്ക്.: *എഗ്റ്റ്രാറ്റാസ്*) – "ശക്തിയുള്ള. ... ശക്തി സംഭരിക്കൽ, നിയന്ത്രിക്കൽ, നിർത്തൽ, അടക്കം പാലിക്കൽ (തേയർ, 167). [27]മൽസരമുള്ള (ഗ്രീക്ക്.: *അനുപോറ്റാക്റ്റോസ്*) – "നിയന്ത്രണത്തിനു അധീനമാകുവാൻ കഴിയാത്ത, അനുസരണക്കേടുള്ള ... 1 തിമൊ. 1:9; തിത്തൊ. 1:6, 10 ... തെറ്റിദ്ധരിച്ച" (തേയർ, 52). [28]വൃഥാവാചാലന്മാർ (ഗ്രീക്ക്.: *സാറ്റായിയോലോജിയ*) – "വൃഥാ, നിഷ്ഫലമായി സംസാരിക്കുക ... പ്രയോജനമില്ലാത്ത സംസാരത്തിലേക്കു തിരിയുക, 1 തിമൊ. 1:6" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 496); "... വൃഥാ വാചകമടിക്കൽ" (റോബിൻസൺ, 446). [29]വഞ്ചകൻ (ഗ്രീക്ക്.: *ഫ്രേനാപാറ്റെസ്*) – "മനസ്സിനെ വഞ്ചിക്കുന്നവൻ ... വഴി തെറ്റിക്കുന്നവൻ ... തിത്തൊസ് 1:10" (തേയർ, 657–58). ക്രിയാരൂപത്തിൽ *ഫ്രെനാപാറ്റോ,* തേയർ ഗലാത്യർ 6:3 നെ വിവരിച്ചു, ചേർത്തിരിക്കുന്നതു, "*അപാറ്റൻ* എന്നതിനേക്കാൾ കൂടുതൽ ഈ വാക്കായിരിക്കും അന്തർലീനമായിരിക്കുന്നത്, കാരണം അതു സബ്ജെക്റ്റിവ് ഫാൻസിസ് എന്ന ആശയം നല്കുന്നു." [30]മറിച്ചിടുക (ഗ്രീക്ക്.: *അനാട്രേപോ*) – "തിരിച്ചു കളയുക, നശിപ്പിക്കുക, സാന്മാർഗ്ഗികമായി അട്ടിമറിക്കുക. തിത്തൊ. 1:11" (തേയർ, 48).

[31]ശാസിക്കുക (ഗ്രീക്ക്.: *എലെഗ്ക്കെ*) – ആജ്ഞാസ്വഭാവത്തിന്റെ അർത്ഥം അതു ഒരു സുവിശേഷകൻ ചെയ്യുക *തന്നെ വേണം* എന്നാണ്. ചെയ്യുന്ന പ്രവൃത്തി അവരെ തിരുത്തുക അല്ലെങ്കിൽ *ശാസിക്കുക* എന്നതാണ്, അതേ വാക്കാണ് 1:9 ലെ "റെഫൂട്ട്" എന്നത്. [32]കഠിനമായി (ഗ്രീക്ക്.: *അപോറ്റോമോസ്*) – "... ഛേദിക്കുക, മുഴുവനായും ... പൂർണ്ണമായും ... കർശനമായി, കഠിനമായി, 2 കൊരി. 13:10; തിത്തൊ. 1:13" (റോബിൻസൺ, 89). [33]ശുദ്ധി (ഗ്രീക്ക്.: *കാത്താരോസ്*) – "ശുദ്ധിയുള്ള, ... മലിനപ്പെടാത്ത ... ഭൗതികമായി ... നിയമപരമായി, വിലക്കപ്പെടാത്ത ... കുറ്റമില്ലാത്ത, നിരപരാധിയായ ... ആത്മാർത്ഥമായ, നേരുള്ള, ദുഷ്ടത നീങ്ങിയ ..." (റോബിൻസൺ, 362). [34]മലിനം (ഗ്രീക്ക്.: *മെമിയാന്റായി*) – "മറ്റൊരു നിറത്താൽ അച്ചുണ്ടാക്കുക, കറ പുരളുക ... മലിനമാകുക, അഴുക്കാക്കുക, അശുദ്ധമാക്കുക ... ഭൗതികമായും ധാർമ്മികമായും ഉള്ള അർത്ഥത്തിൽ ... മലിനമാക്കൽ, യൂദാ 8 ... തിത്തൊ. 1:15 ..." (തേയർ, 414). [35]ത്യജിക്കുക (ഗ്രീക്ക്.: *ആർനെയോമായി*) – "ആരുടെയെങ്കിലും അവകാശവാദത്തെ നിഷേധിക്കൽ; 1 യോ. 2:22 ... സ്വീകരിക്കാതിരിക്കൽ, നിരസിക്കൽ, സമ്മതിക്കാതിരിക്കൽ ... ഒരാളുടെ തന്നെ സ്വഭാവത്തോടും പറയുന്നതിനോടും വിശ്വസ്തത ഇല്ലാത്ത സ്വഭാവം, ഒരാളോടു അസ്ഥിരമായിരിക്കുക ... നിരസിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുക" (റോബിൻസൺ, 95). [36]ഭാവിക്കുക (ഗ്രീക്ക്.: *ഒമോലോജെയോ*) – "ഒരേ കാര്യം മറ്റൊന്നായി പറയുക ... പ്രഖ്യാപിക്കുക ... വാഗ്ദാനം ചെയ്യുക ... ഏറ്റുപറയുക, പ്രഖ്യാപിക്കുക ... അന്തർലീനമായി പറ്റിച്ചേരൽ അല്ലെങ്കിൽ ഒരാളുടെ തീർച്ച മാറ്റുക" (തേയർ, 446). [37]നിന്ദ്യമായ (ഗ്രീക്ക്.: *അഡോകിമോസ്*) – "ത്യജിക്കപ്പെട്ടവൻ ... ശിക്ഷാവിധിക്കു യോഗ്യൻ ... അതുകൊണ്ടു വിലകെട്ടവൻ, അയോഗ്യനായ, വ്യക്തികളെ, തിത്തൊ. 1:16 ... പാഴായ" (റോബിൻസൺ, 14).